(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശബരിമല ഉൾപ്പെടെയുള്ള വനമേഖല 1933 മുതൽ തന്നെ വന്യജീവിസംരക്ഷണ കേന്ദ്രമായി പ്രഖ്യാപിച്ച് പരിരക്ഷിച്ചു വരുന്നു. 1978 മുതൽ പ്രസ്തുതകേന്ദ്രം ദേശീയ സംരക്ഷണ പദ്ധതിയായ പ്രോജക്ട് ടൈഗറിൽ ഉൾപ്പെടുത്തി ഒരു കടുവാ സംരക്ഷണകേന്ദ്രമായി പ്രഖ്യാപിച്ച് സംരക്ഷിച്ചു വരുന്നു.

(സി) പമ്പ, നിലയ്ക്കൽ എന്നീ പ്രദേശങ്ങൾ റിസർവ് വനമേഖല ആയതിനാൽ 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമം അനുസരിച്ച് വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കണമെങ്കിൽ കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങേണ്ടതുണ്ട്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട വികസനപ്രവർത്തനങ്ങളാണ് പമ്പ, നിലക്കൽ പ്രദേശത്ത് വേണ്ടതെങ്കിൽ നിശ്ചയമായും കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങേണ്ടതുണ്ട്.

## വനം, വന്യജീവി സംരക്ഷണം

13 (*699) ശ്രീ. രാജു എബ്രഹാം :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വന്യജീവി സംരക്ഷണമേഖലയുടെ വികസനത്തിനായി സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് പറയാമോ ;

(സി) വന്യജീവി സംരക്ഷണ പദ്ധതികൾക്ക് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) വനം, വന്യജീവി സംരക്ഷണത്തെക്കുറിച്ച് ജനങ്ങളിലും ജീവനക്കാരിലും അവബോധം വളർത്താനും ശാസ്ത്രീയമായ അറിവ് ലഭിക്കുന്നതിനും എന്തെങ്കിലും പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) വനം, വന്യജീവി സംരക്ഷണ മേഖലകളുടെ സമഗ്ര വികസനത്തിനായി 50% കേന്ദ്രസഹായത്തോടെയുള്ള പദ്ധതികളും, 100% കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രോജക്റ്റ് ടൈഗർ, പ്രോജക്റ്റ് എലിഫന്റ്, ബയോസ്ഫിയർ റിസർവ് എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. ഇവ കൂടാതെ ഗ്ലോബൽ എർവയോൺമെന്റ് ഫെസിലിറ്റി (ജി. ഇ. എഫ്.) മുഖേന ധനസഹായമുള്ള ഇന്ത്യാ ഇക്കോ ഡെവലപ്പ്മെന്റ് പദ്ധതി തേക്കടിയിലും, ഇതര സംരക്ഷിത മേഖലകളിൽ ലോകബാങ്ക് ധനസഹായമുള്ള കേരള ഫോറസ്ട്രി പ്രോജക്റ്റിന്റെ ഘടകമുള്ള പ്രത്യേക പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. ജൈവ വൈവിധ്യ സംരക്ഷണം ലക്ഷ്യമിട്ടിട്ടുള്ള പ്രത്യേക സംസ്ഥാന പദ്ധതികളും നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. 50% കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയോദ്യാനങ്ങളുടേയും, വന്യജീവി സങ്കേതങ്ങളുടേയും വികസനം
2. തേക്കടിയിൽ നടത്തിവരുന്ന പ്രോജക്ട് ടൈഗർ
3. പ്രോജക്ട് എലിഫന്റ് (100% കേന്ദ്രാവിഷ്കൃത പദ്ധതി)
4. നീലഗിരി ബയോസ്ഫിയർ റിസർവ് (100% കേന്ദ്രാവിഷ്കൃത പദ്ധതി)
5. അഗസ്ത്യമല ബയോസ്ഫിയർ റിസർവ് (100% കേന്ദ്രാവിഷ്കൃത പദ്ധതി)
6. ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റി മുഖേനയുള്ള ധനസഹായത്തോടെ തേക്കടിയിൽ നടത്തിവരുന്ന ഇന്ത്യാ ഇക്കോ ഡെവലപ്മെന്റ് പദ്ധതി.

(സി) ലഭിച്ചിട്ടുണ്ട്. 50% കേന്ദ്രസഹായത്തോടെയുള്ള സമഗ്ര വികസന പദ്ധതികളിൽ ഉൾപ്പെടുത്തി (1997-98 മുതൽ 2000-2003 വരെ) 1148.51 ലക്ഷം രൂപ കേന്ദ്ര ധനസഹായമായി ലഭിച്ചിട്ടുണ്ട്. 100% കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന പ്രോജക്ട് എലിഫന്റ് പദ്ധതി പ്രകാരം 1991-92 മുതൽ 2002-2003 വരെ സംസ്ഥാനത്തെ 4 എലിഫന്റ് റിസർവുകളുടെ സംരക്ഷണത്തിനായി 863.962 ലക്ഷം തുക ലഭിച്ചിട്ടുണ്ട്. 100% കേന്ദ്രസഹായത്തോടെ നടപ്പിലാക്കി വരുന്ന നീലഗിരി ബയോസ്ഫിയർ റിസർവ് സ്കീമിൽ ഉൾപ്പെടുത്തി സംരക്ഷിത മേഖലകൾക്കും മറ്റുള്ള വനപ്രദേശങ്ങൾക്കുമായി 1986-87 മുതൽ 2002-2003 വരെ 481. 51 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 100% കേന്ദ്രസഹായത്തോടെ നടപ്പിലാക്കി വരുന്ന അഗസ്ത്യമല ബയോസ്ഫിയർ റിസർവ് സ്കീമിൽ ഉൾപ്പെടുത്തി സംരക്ഷിത മേഖലകൾക്കും മറ്റുള്ള വനപ്രദേശങ്ങൾക്കുമായി 2002-2003-ൽ 12.00 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഗ്ലോബൽ എൻവയോൺമെന്റൽ ഫെസിലിറ്റി (ജി.ഇ.എഫ്.) മുഖേന തേക്കടിയിൽ നടപ്പിലാക്കി വരുന്ന ഇന്ത്യാ ഇക്കോ ഡെവപ്പലമെന്റ് പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇതുവരെയായി 2862.92 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രകൃതിപഠന ക്യാമ്പുകൾ, പരിശീലന പ്രവർത്തനങ്ങൾ, പഠന പര്യടനങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നു. വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടത്തിവരുന്നു. വിപുലമായ കമ്പ്യൂട്ടറൈസ്ഡ് ലൈബ്രറി സൗകര്യം, ദൃശ്യശ്രാവ്യമാദ്ധ്യമങ്ങളിലൂടെയുള്ള പ്രചരണ പ്രവർത്തനങ്ങൾ എന്നിവ ബോധവത്ക്കരണത്തിനായി നടത്തി വരുന്നു. ജീവനക്കാർക്ക് വേണ്ടി സ്റ്റഡി ടൂറുകളും, സെമിനാറുകളും പരിശീലനക്ലാസുകളും, ശില്പശാലകളും നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly